


**ഭക്ഷ്യകാർഷിക** രംഗത്തെ നോബൽ സമ്മാന മായി കണക്കാക്കപ്പെടുന്ന ഈ വർഷത്തെ ലോക ഭ ക്ഷ്യ പുരസ്കാരം ബീജസാങ്കേതിക വിജ്ഞാനശാഖ യ്ക്കുള്ള അംഗീകാരം എന്ന നിലയ്ക്ക് നൽകിയിരി ക്കുന്നത് മൊൺസാന്റോ കമ്പനിയുടെ എക് സിക്യൂട്ടീവ് വൈസ് പ്രസിഡന്റും ചീഫ് ടെക്നോള ജി ഓഫീസറുമായ റോബർട്ട് ഫ്രലേ അടക്കമുള്ള മൂ ന്ന് രാസക്കമ്പനികളുടെ എക്സിക്യൂട്ടീവുകൾക്കാണ്. 'പോഷകസമൃദ്ധവും സുസ്ഥിരവുമായ ഭക്ഷണം എ ല്ലാവർക്കും' എന്ന അവാർഡിന്റെ മാനദണ്ഡത്തിന് യാതൊരു വിലയും കൽപ്പിക്കാതെയാണ് പുരസ് കാരം നൽകിയിരിക്കുന്നത്.

## മൊൺസാന്റോയ്ക്ക് ലോകഭക്ഷ്യ പുരസ്കാരം:

# ജനിതകവിത്തുകളെ ന്യായീകരിക്കാനുള്ള നീക്കം

2013ലെ ലോക ഭക്ഷ്യ പുരസ്കാരം മൊൺസാന്റോയ്ക്ക് നൽകിയതിനോട് പ്രതികരിച്ചുകൊണ്ട് റൈറ്റ് ലൈവ്‌ലിഹുഡ് അവാർഡ് നേടിയ വിവിധ രാജ്യങ്ങളിലെ ആക്ടിവിസ്റ്റുകൾ ഒപ്പുവച്ച സംയുക്ത പ്രസ്താവന. മുൻകൈയെടുത്തത് പ്രമുഖ പരിസ്ഥിതി പ്രവർത്തക വന്ദന ശിവ നേതൃത്വം നൽകുന്ന

■ **നവധാന്യ**

ആദ്യജനിതകവിത്തുകൾ വാണിജ്യവല്കരിക്ക പ്പെട്ട് 20 വർഷം കഴിഞ്ഞിട്ടും രണ്ട് തരത്തിലുള്ള വി ത്തുകൾ മാത്രമെ മൊൺസാന്റോ വികസിപ്പിച്ചിട്ടു ള്ളൂ. അവ മെച്ചപ്പെട്ട പോഷകാംശമുള്ളതല്ല, മറിച്ച് ഒരു പ്രത്യേക കീടനാശിനിയെയോ കളനാശി നിയെയോ ഉണ്ടാക്കുന്നവയാണ്. എന്നാൽ കീടങ്ങളെ നശിപ്പിക്കുന്നതിലും കളകളെ കുറയ്ക്കുന്നതിലും ഈ ജനിതക വിത്തുകൾ പരാജയപ്പെട്ടിരിക്കുന്നു. കാരണം, അമേരിക്കയിലെ പകുതിയിലധികം കൃഷി യിടങ്ങളും ഈ വിത്തുകളെയും എതിർത്തുതോൽപി ക്കുന്ന കൂടുതൽ ശക്തിയേറിയ കളകളാൽ ഇന്ന് നി റഞ്ഞിരിക്കുകയാണ്.

ജനിതകമാറ്റം വരുത്തിയ വിത്തുകൾ ഭക്ഷ്യ-കാർ ഷിക സുസ്ഥിരതയെ മറ്റ് പല രീതികളിലും അട്ടിമറി ക്കുന്നുണ്ട്. ജനിതകവിത്തുകൾ ഒരു കാർഷിക മാതൃ കയാണെന്ന് ഊന്നിപ്പറഞ്ഞുകൊണ്ട് പാവപ്പെട്ട കർ ഷകരുടെ സാമ്പത്തിക സുസ്ഥിരതയെ ഇവർ രഹ സ്യമായി നശിപ്പിക്കുന്നു. ജനിതകവിളകളുടെ കൃഷി എപ്പോഴും ആശ്രയിക്കുന്നത് പുറത്തുനിന്നും വാങ്ങു ന്ന വിത്തുകളെയും രാസവളങ്ങളെയുമാണ്. ഈ ആ ശ്രിതത്വത്തിന്റെ തിക്തഫലം ഏറ്റവും കൂടുതൽ അ നുഭവിക്കേണ്ടിവരുന്നവർ ഇതിനെല്ലാം വേണ്ടി കടം വാങ്ങി, തിരിച്ചടയ്ക്കാൻ കഴിയാതെ ആത്മഹത്യ ചെ യ്യേണ്ടി വരുന്ന ഇന്ത്യൻ കർഷകരാണ്.

ഫോസിൽ ഇന്ധനങ്ങളെ വല്ലാതെ ആശ്രയി ക്കുന്നു എന്നതാണ് ജനിതകവിത്തുകൾ സുസ്ഥിരത




യ്ക്ക് സൃഷ്ടിക്കുന്ന മറ്റൊരു ഭീഷണി. വിരളമാകുന്നതിനനുസരിച്ച് വില കൂടുന്ന വിഭവങ്ങളായ ഫോസിലിന്ധനങ്ങളും ഖനിജ ലോഹങ്ങളും ജലവുമാണ് ഈ വിത്തുകൾ കൂടുതലായി ഉപയോഗിക്കുന്നത്.

ജനിതക സാങ്കേതികവിദ്യയാണ് കാർഷിക പ്രതിസന്ധികൾക്കും പട്ടിണിയ്ക്കും പരിഹാരമെന്ന തെറ്റായ സന്ദേശം ഈ പുരസ്കാരം പ്രചരിക്കുന്നു. ഒപ്പം 'സുസ്ഥിരതയും പോഷണവും' യഥാർത്ഥത്തിൽ ലഭ്യമാക്കുന്ന കാർഷിക രീതികളിൽ നിന്നും ആഗോള സമൂഹത്തിന്റെ ശ്രദ്ധയെ വഴിതിരിച്ചുവിടുകയും ചെയ്യുന്നു. വരൾച്ചാ സമയത്ത് ജൈവകൃഷി രീതി രാസകൃഷിരീതിയേക്കാൾ 31% അധിക വിളവ് തരുന്നുണ്ടെന്ന് കഴിഞ്ഞ 30 വർഷങ്ങളായി യു.എസ്സിലെ റോഡേൽ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന പഠനം പറയുന്നു. ജൈവരീതിയിൽ 45% ഊർജ്ജം മാത്രം ഉപയോഗിക്കുകയും വെറും 40% മാത്രം ഹരിതഗൃഹ വാതകങ്ങൾ പുറത്തുവിടുകയും ചെയ്യുന്നു. ഭീമമായ തുക നിക്ഷേപിക്കാതെ തന്നെ കർഷകർക്ക് ഉലാപാദനം വർദ്ധിപ്പിക്കാവുന്ന, വിളകളുടെ പോഷകാംശം മെച്ചപ്പെടുത്തുന്ന, മണ്ണിന്റെ ആരോഗ്യത്തിന് ഗുണകരമായിട്ടുള്ള പാരിസ്ഥിതികകൃഷിരീതികൾക്ക് ലോകത്തെമ്പാടും നിരവധി വിജയകരമായ ഉദാഹരണങ്ങളുണ്ട്. ഭക്ഷ്യാവകാശത്തിനായി രൂപം കൊണ്ട യു.എൻ ഘടകം, IAASTD (International Assessment of Agricultural Knowledge, Sceince and Technology for Development) റിപ്പോർട്ട് എന്നിവയെല്ലാം പറയുന്നത് ജൈവകൃഷി പോലുള്ള സുസ്ഥിരമാർഗ്ഗങ്ങൾക്ക് മാത്രമേ കൃഷിയെയും ഭക്ഷ്യസുരക്ഷയെയുമൊക്കെ ഉറപ്പുവരുത്താനാകൂ എന്നാണ്.

'എല്ലാവർക്കും ഭക്ഷണം' എന്ന മാനദണ്ഡം തന്നെയാണ് ലോകഭക്ഷ്യ പുരസ്കാരത്തിനും വേണ്ടത്. പക്ഷേ ജനിതകവിത്തുകൾ ആ ലക്ഷ്യത്തിൽ നിന്നും വളരെ അകലെയാണ്. പണ്ടത്തേതിനേക്കാൾ ഭൂമിയിലെ ആളോഹരി ഉല്പാദനം 40 ശതമാനത്തിലധികമായിട്ടുകൂടി 870 ദശലക്ഷം ആളുകൾ പോഷകാഹാരക്കുറവ് പോലുള്ള ഭക്ഷ്യപ്രശ്നങ്ങൾ അനുഭവിക്കുന്നതിനു കാരണം അവർക്ക് മതിയായ ഭക്ഷണം നേടിയെടുക്കാനുള്ള അധികാരമില്ലാത്തതുകൊണ്ടാണ്. ഇത്തരത്തിൽ അധികാരകേന്ദ്രീകരണത്തിനും അസമത്വത്തിനുമാണ് ജനിതക സാങ്കേതികവിദ്യാക്കമ്പനികൾ ആക്കം കൂട്ടുന്നത്. ലോകത്തിലെ പല ഭരണകൂടങ്ങളും പൊതുസമൂഹവും മൊൺസാന്റോയ്ക്കെതിരെ പ്രതിഷേധവുമായി രംഗത്തെത്തിയിട്ടുണ്ട്. കൃഷിയിൽ ബദൽമാർഗ്ഗങ്ങൾ ഉണ്ടെന്നിരിക്കെ അവയ്ക്ക് നേരെ എക്കാലവും കണ്ണടയ്ക്കാനാവില്ല. അത് നിരവധിയാളുകളുടെ പ്രയത്നത്തെയും അറിവിനെയും അവഗണിക്കുന്നതിന് തുല്യമാകും. ■

# ബ്രായ് യാഥാർത്ഥ്യമാക്കാനുള്ള തന്ത്രം

**കെ.പി. ഇല്യാസ്**

(കേരള ജൈവകർഷക സമതി സംസ്ഥാന സെക്രട്ടറി)

**കടുത്ത** എതിർപ്പുകളെ അവഗണിച്ചും ബയോടെക്നോളജി റെഗുലേറ്ററി അതോറിറ്റി ബിൽ (ബ്രായ്) കഴിഞ്ഞ ഏപ്രിൽ മാസം പാർലമെന്റിൽ അവതരിപ്പിക്കപ്പെടുകയുണ്ടായി. അതിന്റെ തുടർച്ചയായാണ് മൊൺസാന്റോയ്ക്ക് ഇപ്പോൾ ലോക ഭക്ഷ്യ പുരസ്കാരം ലഭിച്ചിരിക്കുന്ന വാർത്ത പുറത്ത് വന്നിരിക്കുന്നത്. ജനിതകമാറ്റം വരുത്തിയ വിത്തുകൾക്കെതിരെ ലോക വ്യാപകമായി ഉണ്ടായിരിക്കുന്ന എതിർപ്പുകളെ തണുപ്പിക്കുക എന്നതാവണം ലക്ഷ്യം. 1000 കോടി രൂപയുടെ വിറ്റുവരവുള്ള മൊൺസാന്റോ തന്നെയാണ് അവാർഡ് ഏർപ്പെടുത്തിയത് എന്നതാണ് വിരോധാഭാസം. ജനിതകമാറ്റം വരുത്തിയ വിത്തുകൾ നമ്മുടെ കാർഷിക രംഗത്തേക്ക് വ്യാപിപ്പിക്കാൻ സൗകര്യമൊരുക്കുന്നതിനുള്ള ഒരു നിയമസംവിധാനം നിർമ്മിക്കുകയാണ് ബയോടെക്നോളജി റഗുലേറ്ററി അതോറിറ്റി ബില്ലിന്റെ ലക്ഷ്യം. അതോറിറ്റി രൂപീകൃതമായാൽ അതിന്റെ പ്രധാന ഗുണമുണ്ടാകുന്നത് മൊൺസാന്റോയ്ക്കാണ്. മൊൺസാന്റോ രൂപപ്പെടുത്തിയ പല വിത്തുകളും ഫീൽഡ് പരീക്ഷണത്തിന് തയ്യാറായി നിൽക്കുകയാണ്. സർക്കാറിന്റെ അനുമതി മാത്രമാണ് ഇനി കിട്ടേണ്ടത്. അത് സുഗമമാക്കാനുള്ള ഒരു മുഖം മിനുക്കൽ പരിപാടിയാണ് ഈ അവാർഡ്.

മൊൺസാന്റോയുടെ ഇന്ത്യൻ രൂപമായ മഹീകോയാണ് അതോറിറ്റിക്ക് വേണ്ടിയുള്ള പ്രധാന ചരുവലി ഇവിടെ നടത്തുന്നത്.